ക്കണമെന്നാണ് ബോർഡിൽ എഴുതി പ്രദർശിപ്പിച്ചിട്ടുള്ളത്. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അതിൽ ഒന്നാണ് ഓഫീസുകളിൽ ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നത്.

17 (*312) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് നടപടി

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എല്ലാവർക്കും മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ടോ;

(ബി) ഇപ്പോൾ ഇത്തരം പെർമിറ്റ് ഉടമകൾക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണ്;

(സി) മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണമെന്നും ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളമുള്ള എല്ലാ തൊഴിലാളികൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകണമെന്നും ആവശ്യമുയർന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) 8.1.97-ന് സംയുക്ത പരിശോധന നടത്തിയ സമയത്ത് അപേക്ഷ നൽകിയിരുന്ന എല്ലാ അർഹരായ അപേക്ഷകർക്കും പെർമിറ്റ് നിലവിലുണ്ടായിരുന്നവർക്കും മണ്ണെണ്ണ പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റ് ഉടമകൾക്ക് എൻജിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അളവിൽ പ്രതിമാസം മണ്ണെണ്ണ അനുവദിക്കുന്നുണ്ട്.

10 കുതിരശക്തി വരെയുള്ള എൻജിനുകൾക്ക് - 350 ലിറ്റർ

11 മുതൽ 15 വരെ കുതിരശക്തിയുള്ള എൻജിനുകൾക്ക് - 375 ലിറ്റർ

16 മുതൽ 40 വരെ കുതിരശക്തിയുള്ള എൻജിനുകൾക്ക് - 500 ലിറ്റർ

(സി&ഡി) ഉണ്ട്. മത്സ്യബന്ധന ആവശ്യങ്ങൾക്കായി നിലവിലുള്ള പെർമിറ്റുകൾ പരിശോധിക്കുന്നതിനും പുതിയ എഞ്ചിനുകൾ പരിശോധിക്കുന്നതിനുമായി ജനുവരി 9-ാം തീയതി സംയുക്ത പരിശോധന നടത്തുവാൻ തീരുമാനിക്കുകയും അതിനുവേണ്ട എല്ലാ നടപടികളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly